**കേരള സർക്കാർ**

നം.71/2021/ധന.

ധനകാര്യ (പെൻഷൻ - എ) വകുപ്പ്
തിരുവനന്തപുരം
തീയതി : **03/09/2021**

**സർക്കുലർ**

വിഷയം :- Deferred സാലറി തിരികെ നല്കുമ്പോൾ എൻ.പി.എസ് വിഹിതം കുറവ് ചെയ്യുന്നത്-01.09.2021-ലെ ഗസറ്റ് വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 1) സ.ഉ (അ) നം. 19/2020/ധന. തീയതി. 27.02.2020
2) സ.ഉ (അ) നം. 53/2020/ധന. തീയതി.30.04.2020
3) സ.ഉ (അ) നം. 43/2021/ധന. തീയതി. 26.02.2021
4) സ.ഉ (അ) നം. 122/2021/ധന. തീയതി. 01.09.2021

**********

കോവിഡിന്റെ ഭാഗമായിട്ടുണ്ടായ സാമ്പത്തിക ആഘാതം മറികടക്കുന്നതിനായി ജീവനക്കാരുടെ 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ 5 മാസത്തേയ്ക്ക് 6 ദിവസത്തെ വീതം ശമ്പളം മാറ്റി വെക്കുന്നതിനായി സർക്കാർ സൂചന (2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നതും പിന്നീട് മാറ്റി വെച്ചിരുന്ന ശമ്പളം ജീവനക്കാർക്ക് തിരികെ നല്കുന്നതിനായി സർക്കാർ സൂചന (3) വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നതുമാണ്. എന്നാൽ പ്രസ്തുത വിജ്ഞാപനത്തിലെ ഖണ്ഡിക 4 നീക്കം ചെയ്ത കൊണ്ട് സർക്കാർ സൂചന (4) വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നു.

2) സൂചന (4) വിജ്ഞാപന പ്രകാരം Deferred സാലറി ജീവനക്കാർക്ക് തിരികെ നല്കുമ്പോൾ അതിൽ നിന്നും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ജീവനക്കാരുടെ എൻ.പി.എസ് വിഹിതം കുറവ് ചെയ്യേണ്ടതുള്ളതിനാലും ഇതുമായി ബന്ധപ്പെട്ട തിരിച്ചടവ് നടപടികൾ സുഗമമാക്കുന്നതിനുമായി ചുവടെ ചേർക്കും പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i) Deferred സാലറിയുടെ അവസാന ഗഡു അനുവദിക്കുമ്പോൾ അതിൽ നിന്നും 01.09.2021 -ലെ സ.ഉ (അ) നം. 122/2021/ധന. ഉത്തരവിന്റെ അടിസ്ഥാനത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ജീവനക്കാരുടെ എൻ.പി.എസ് വിഹിതം കുറവ് ചെയ്യേണ്ടതാണെന്ന് എല്ലാ ഡി.ഡി. ഒ-മാർക്കും നിർദ്ദേശം നല്കുന്നു.

ii) സാലറി ഡെഫർ ചെയ്യുന്നതിന് മുൻപ് മുഴുവൻ ശമ്പളവും ജീവനക്കാരന് അവസാനമായി ലഭിച്ചത് 2020 മാർച്ച് മാസത്തിൽ ആയതിനാൽ ജീവനക്കാരൻ 2020 മാർച്ച് മാസം എത്രയായിരുന്നു എൻ.പി.എസ് കോൺട്രിബ്യൂഷൻ അടവാക്കിയിരുന്നത് എന്നത് പരിശോധിച്ച് പ്രസ്തുത തുക തന്നെ Deferred സാലറിയുടെ അവസാന ഗഡുവിൽ നിന്നും കുറവ് ചെയ്ത് തുല്യമായ

സർക്കാർ വിഹിതവും ചേർത്ത് പ്രാൺ അക്കൗണ്ടിൽ അടവാക്കുകയും ബാക്കി തുക ജീവനക്കാരന് നല്കുകയും ചെയ്യേണ്ടതാണ്.

iii) ഇതിനോടകം Deferred സാലറിയുടെ അവസാന ഗഡുവും മാറി നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത ജീവനക്കാരുടെ അടുത്ത മാസത്തെ ശമ്പളത്തിൽ നിന്നും റഗുലർ കോൺട്രിബ്യൂഷന്റെ കൂടെ 2020 മാർച്ച് മാസത്തെ അവരുടെ എൻ.പി.എസ് കോൺട്രിബ്യൂഷന് തുല്യമായ തുക കൂടി കുറവ് ചെയ്ത് തുല്യമായ സർക്കാർ വിഹിതവും ചേർത്ത് അരിയർ എന്ന രീതിയിൽ പ്രാൺ അക്കൗണ്ടിൽ അടവാക്കേണ്ടതാണ്.

iv) എല്ലാ ഡി.ഡി.ഒ മാരും ഈ വിഷയത്തിൽ അതീവ ജാഗ്രത പുലർത്തേണ്ടതും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ 2020 മാർച്ചിലെ എൻ.പി.എസ് കോൺട്രിബ്യൂഷന് തുല്യമായ തുകയാണ് Deferred സാലറിയുടെ അവസാന ഗഡുവിൽ നിന്നും കുറവ് ചെയ്തിട്ടുള്ളത് എന്ന് ഉറപ്പു വരുത്തേണ്ടതും തുക മാറുന്നതിനായി ബില്ല് സമർപ്പിക്കുന്ന വേളയിൽ അനുബന്ധമായി നല്കിയിരിക്കുന്ന സത്യപ്രസ്താവന ട്രഷറിയിൽ സമർപ്പിക്കേണ്ടതുമാണ്. തെറ്റായ രേഖപ്പെടുത്തൽ വഴി ജീവനക്കാരനോ സർക്കാരിനോ നഷ്ടം സംഭവിക്കുന്ന പക്ഷം ആയത് ഡി.ഡി.ഒ-യുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

**സഞ്ജയ് എം കൗൾ**
**ധനകാര്യ വ്യയം സെക്രട്ടറി**

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

പകർപ്പ് ;

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ),തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), തിരുവനന്തപുരം.
3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
4. സ്പാർക്ക് പി.എം.യു, തിരുവനന്തപുരം
5. എല്ലാ വകുപ്പ് മേധാവികൾക്കും/സ്ഥാപന മേധാവികൾക്കും/ഭരണവകുപ്പുകൾക്കും
6. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്.
7. നോഡൽ ഓഫീസർ, www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി. (E - 1844678)

## സത്യപ്രസ്താവന

ഈ ഓഫീസിൽ സേവനമനുഷ്ഠിക്കുന്ന ചുവടെ ചേർക്കുന്ന ജീവനക്കാരുടെ 2020 മാർച്ച് മാസത്തിലെ എൻ.പി.എസ് വിഹിതം അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന തുക തന്നെയാണെന്നും പ്രസ്തുത തുക തന്നെയാണ് Deferred സാലറിയുടെ അവസാന ഗഡുവിൽ നിന്നും കുറവ് ചെയ്തിരിക്കുന്നത് എന്നും സാക്ഷ്യപ്പെടുത്തുന്നു.

| ക്രമനമ്പർ | ജീവനക്കാരന്റെ പേര് | 2020 മാർച്ച് മാസത്തിലെ ജീവനക്കാരന്റെ എൻ.പി.എസ് വിഹിതം | Deferred സാലറിയിൽ നിന്നും കുറവ് ചെയ്തിരിക്കുന്ന ജീവനക്കാരന്റെ എൻ.പി.എസ് വിഹിതം |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |

തീയതി :

(ഒപ്പ്)

സ്ഥലം :

പേര്

പെൻ നമ്പർ